**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണവകുപ്പ് - മലപ്പുറം നഗരസഭ - 5 ബിൽ കളക്ടർമാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ(ഇ.യു.)വകുപ്പ്**

സ.ഉ.(സാധാ.)നം. 2970/2016/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 31.10.2016

==========================================================================

പരാമർശം : 1) 09.09.2016 ലെ സ.ഉ.(സാധാ.)നം.2663/ 2016/ത.സ്വ.ഭ.വ

2) മലപ്പുറം നഗരസഭ കൗൺസിലിന്റെ 29.09.2016 ലെ 13-ാം നം. തീരുമാനം.

3) മലപ്പുറം നഗരസഭ ചെയർപേഴ്സന്റെ 06.10.2016 തീയതിയിലെ സി/802/14 നമ്പർ കത്ത്.

**ഉത്തരവ്**

തൃക്കാക്കര നഗരസഭയിൽ മൂന്ന് മാസ കാലയളവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ 15 ബിൽ കളക്ടർമാരെ നിയമിച്ച് ഉത്തരവായ പരാമർശം 1 ലെ ഉത്തരവിന്റെ മാതൃകയിൽ മലപ്പുറം മുനിസിപ്പാലിറ്റിയിലും 5 താൽക്കാലിക ബിൽ കളക്ടർമാരെ നിയമിക്കുന്നതിനു അനുമതി നൽകി ഉത്തരവാകണമെന്ന് മലപ്പുറം നഗരസഭ ചെയർപേഴ്സൺ കൗൺസിൽ തീരുമാനം സഹിതം പരാമർശം 3 ലെ കത്ത് പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നു.

താൽക്കാലിക ബിൽ കളക്ടർമാരെ നിയമിക്കേണ്ടതിന്റെ ആവശ്യകത പരാമർശം 3 ലെ കത്തിൽ വിവരിച്ചിരിക്കുന്നത് 26.02.2016 ലെ GO(P) 28/2016/Fin നമ്പർ ഉത്തരവ് സഹിതം സർക്കാർ വിശദമായി പരിശോധിച്ചു. ഈ ആവശ്യം അംഗീകരിക്കേണ്ടതാണെന്ന് സർക്കാർ കാണുന്നു. ഈ സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി ഇതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കണമെന്നുമുള്ള വ്യവസ്ഥയിൽ മലപ്പുറം നഗരസഭയിൽ 5 ബിൽ കളക്ടർമാരെ മൂന്ന് മാസക്കാലയളവിലേക്ക് താല്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

*(ഗവർണറുടെ ഉത്തരവിൻപ്രകാരം)*

**അബ്ദുൾ കലാം എം**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

നഗരസഭ ചെയർപേഴ്സൺ, മലപ്പുറം